ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:15-05-2025**

## പ്രധാനവാർത്തകൾ

1. നിയമസഭകൾ പാസാക്കുന്ന ബില്ലുകൾ അംഗീകരിക്കുന്നതിന് ഗവർണർക്ക് സമയപരിധി നിശ്ചയിക്കുന്നത് സംബന്ധിച്ച് സുപ്രീം കോടതിയുടെ അഭിപ്രായം തേടി രാഷ്ട്രപതി ദ്രൗപദി മുർമു.

2. സുരക്ഷാ സ്ഥിതിഗതികൾ അവലോകനം ചെയ്യുന്നതിനായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ജമ്മു കാശ്മീരിൽ; ഓപ്പറേഷൻ സിന്ദൂറിലൂടെ രാജ്യത്തെ സംരക്ഷിക്കാനായി പോരാടിയ ധീര സൈനികരെ അഭിവാദ്യം ചെയ്യുന്നതായി രാജ്യരക്ഷാ മന്ത്രി.

3. തലസ്ഥാനത്ത് ആധുനിക നിലവാരത്തിൽ നിർമാണം പൂർത്തിയാക്കിയ സ്മാർട് റോഡുകൾ മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും.

4. ആശാ പ്രവർത്തകരുടെ ആവശ്യങ്ങൾ പഠിക്കാൻ ഉന്നതതല സമിതി രൂപീകരിച്ച് സംസ്ഥാന സർക്കാർ.

5. ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന് ഇന്ന് സമാപനം; മെഡൽ പട്ടികയിൽ മഹാരാഷ്ട്ര മുന്നിൽ.

******************************

RNU TVPM

## രാഷ്ട്രപതി

നിയമസഭകൾ പാസാക്കുന്ന ബില്ലുകൾ അംഗീകരിക്കുന്നതിന് ഗവർണർക്ക് സമയപരിധി നിശ്ചയിക്കുന്നത് സംബന്ധിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു സുപ്രീം കോടതിയുടെ അഭിപ്രായം തേടി. തമിഴ്നാട് സർക്കാരും ഗവർണറും തമ്മിലുണ്ടായിരുന്ന കേസിൽ ബില്ലുകൾ അംഗീകരിക്കുന്നതിന് ഗവർണർമാർക്ക് സുപ്രീം കോടതി മൂന്നുമാസം സമയപരിധി ഏർപ്പെടുത്തിയിരുന്നു. ഈ പശ്ചാത്തലത്തിലാണ് ഭരണഘടനയുടെ വിവിധ അനുച്ഛേദങ്ങൾ ചൂണ്ടിക്കാട്ടി ശ്രീമതി മുർമു സുപ്രീംകോടതിയിൽ നിന്നും ഇത് സംബന്ധിച്ച വ്യക്തത തേടിയത്.

******************************

## രാജ്നാഥ് സിംഗ് - ജമ്മു കശ്മീർ(ഇൻട്രോ)

ഓപ്പറേഷൻ സിന്ദൂറിലൂടെ രാജ്യത്തെ സംരക്ഷിക്കാനായി പോരാടിയ ധീര സൈനികരെ അഭിവാദ്യം ചെയ്യുന്നതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ശ്രീനഗറിലെ ബദാമി ബാഗ് കണ്ടോൺമെന്റിൽ സൈനികരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

RNI TVPM

( ഹോൾഡ് )

ജമ്മു കാശ്മീരിലെ സുരക്ഷാ സ്ഥിതിഗതികൾ അവലോകനം ചെയ്യുന്നതിനായി ശ്രീനഗറിലെത്തിയ രാജ്യരക്ഷാമന്ത്രിയെ ജമ്മു കശ്മീർ ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹയും അനുഗമിക്കുന്നുണ്ട്.

******************************

## ജമ്മു കാശ്മീർ - ഏറ്റുമുട്ടൽ

ജമ്മു കശ്മീരിൽ പുൽവാമ ജില്ലയിലെ അവന്തിപോറയിൽ ഇന്ന് പുലർച്ചെ സുരക്ഷാ സേനയും ഭീകരരും തമ്മിൽ ഏറ്റുമുട്ടൽ

ഉണ്ടായി. ജമ്മു കശ്മീർ പോലീസും സേനയും തിരച്ചിൽ തുടരുകയാണ്. കൂടുതൽ വിവരങ്ങൾ ലഭ്യമായിട്ടില്ല.

*****************************

## ജമ്മു - തിരംഗ യാത്ര

ഇന്ത്യയുടെ അഭിമാനം ഉയർത്തിയ ഓപ്പറേഷൻ സിന്ദൂറിന്റെ ചരിത്ര വിജയത്തിന് ആദരമർപ്പിച്ച് രാജ്യത്തുടനീളം തിരംഗ യാത്ര സംഘടിപ്പിക്കുന്നു. ഇന്ന് ജമ്മു കാശ്മീരിൽ ജില്ലാ, മണ്ഡലം, വാർഡ് തലങ്ങളിൽ തിരംഗ യാത്രകൾ സംഘടിപ്പിക്കും. സംസ്ഥാനത്ത് നാളെ കൊല്ലത്തും കണ്ണൂരിലും കോഴിക്കോടും ത്രിവർണ്ണ സ്വാഭിമാന യാത്ര നടക്കും. തിരുവനന്തപുരത്ത് ഇന്നലെയായിരുന്നു തിരംഗ യാത്ര.

*****************************

## പിണറായി സർക്കാർ -നാലാം വാർഷികം

PNU TVPM

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷം ഈ മാസം 23 ന് തിരുവനന്തപുരത്ത് സമാപിക്കും. മുഖ്യമന്ത്രി പിണറായി വിജയൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും. ഏപ്രിൽ 21 ന് കാസർഗോഡാണ് വാർഷികാഘോഷങ്ങൾക്ക് തുടക്കം കുറിച്ചത്. ഭരണനേട്ടങ്ങൾ പൊതുജനങ്ങൾക്ക് അനുഭവവേദ്യമാക്കുന്നതിനും വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ജില്ലാ, മേഖലാതല അവലോകന യോഗങ്ങളും ഇതോടനുബന്ധിച്ച് നടക്കുന്നുണ്ട്.

*****************************

## എൻറെ കേരളം മേള

സർക്കാരിന്റെ വാർഷികാഘോഷങ്ങളുടെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ 'എന്റെ കേരളം' പ്രദർശന വിപണന കലാമേള നാളെ

ആരംഭിക്കും. മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. ഈ മാസം 22 വരെയാണ് പ്രദർശനം. പ്രവേശനം സൗജന്യമാണ്. തിരുവനന്തപുരം കനകക്കുന്നിൽ ശനിയാഴ്ച മുതൽ നടക്കുന്ന എന്റെ കേരളം പ്രദർശന വിപണന മേള മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും.

****************************

## സ്മാർട്ട് - റോഡ്

സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നഗരത്തിൽ ആധുനിക നിലവാരത്തിൽ നിർമാണം പൂർത്തിയാക്കിയ സ്മാർട് റോഡുകളുടെ ഉദ്ഘാടനം നാളെ. വൈകുന്നേരം 4 മണിക്ക് മാനവീയം വീഥിയിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും. 12 റോഡുകൾ പൂർണമായി പുനർ നിർമിക്കുകയും 28 റോഡുകൾ നവീകരിക്കുകയുമാണ് ചെയ്യുത്.

RNU TVPM

****************************

## ആശ- ഉന്നതതല സമിതി

ആശാ പ്രവർത്തകരുടെ ആവശ്യങ്ങൾ പഠിക്കാൻ ഉന്നതതല സമിതി രൂപീകരിച്ച് സംസ്ഥാന സർക്കാർ. ഏപ്രിൽ മൂന്നിന് ആരോഗ്യമന്ത്രി നടത്തിയ ചർച്ചയിൽ ആശമാർ ആവശ്യപ്പെട്ട വിഷയങ്ങൾ സമഗ്രമായി പരിശോധിച്ച് മൂന്ന് മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകാനാണ് നിർദേശം. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ ഹരിത വി കുമാർ നേതൃത്വം നൽകുന്ന സമിതിയെ ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

****************************

## റെയിൽവേ മേൽപ്പാലം

കേരളത്തിലെ 55 നിർണായക റെയിൽവേ മേൽപ്പാലങ്ങളുടെ നിർമാണച്ചെലവ് മുഴുവനായി ഏറ്റെടുക്കാൻ തീരുമാനിച്ചതായി

അറിയിച്ച് ദക്ഷിണ റെയിൽവേ. പദ്ധതികളുടെ അൻപതു ശതമാനം ചിലവ് വഹിക്കാൻ സംസ്ഥാന സർക്കാരിന് കഴിയാതെ വന്നതോടെയാണ് തീരുമാനം. ഇതിൽ അനുമതി ലഭിച്ച 18 മേൽപ്പാലങ്ങളുടെ നിർമ്മാണം 18 മാസത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് റെയിൽവേ അറിയിച്ചു. സംസ്ഥാനത്തെ തിരക്കേറിയ റെയിൽവേ ക്രോസിങ്ങുകളിൽ 126 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമാണത്തിനാണ് അംഗീകാരം ലഭിച്ചിരുന്നത്.

******************************

## കോ ൺസ്റ്റബിൾ കസ്റ്റഡിയിൽ

കൊച്ചി നെടുമ്പാശ്ശേരിയിൽ യുവാവിനെ കാറിടിച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ, പ്രതികളിൽ ഒരാളായ CISF കോൺസ്റ്റബിൾ മോഹൻകുമാറിനെ പോലീസ് കസ്റ്റഡിയിലെടുത്തു. വാഹനം ഓടിച്ചിരുന്ന CISF സബ് ഇൻസ്പെക്ടർ വിനയ് കുമാർ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. വാഹനത്തിന് സൈഡ് കൊടുക്കുന്നതും ആയി ബന്ധപ്പെട്ട തർക്കത്തെ തുടർന്നായിരുന്നു സംഭവം.

RNU TVPM

******************************

## കലാഭവൻ - മുഖ്യമന്ത്രി

മലയാളിയുടെ പ്രിയപ്പെട്ട അഭിനേതാവും നാടൻപാട്ട് കലാകാരനുമായിരുന്ന കലാഭവൻ മണിയുടെ പേരിലുള്ള സ്മാരകത്തിന് ഈ മാസം 27 ന് തറക്കല്ലിടുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സർക്കാരിൻ്റെ വാർഷികാഘോഷങ്ങളുടെ ഭാഗമായി തൃശ്ശൂരിൽ നടത്തിയ ജില്ലാതലയോഗത്തിൽ ആണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. ഫോക്‌ലോർ അക്കാദമി വഴി മൂന്ന് കോടി രൂപയുടെ നിർമാണ പദ്ധതിയാണ് നടപ്പിലാക്കുന്നത്.

******************************

## ശബരിമല

ശബരിമല ക്ഷേത്രത്തിൽ ഇടവമാസ പൂജകൾക്ക് തുടക്കമായി. ഇന്നലെ വൈകിട്ട് അഞ്ചിനാണ് നട തുറന്നത്. നട അടയ്ക്കുന്ന ഈ മാസം 19 വരെ പതിവുപൂജകളും വിശേഷാൽ പൂജകളും നടക്കും.

******************************

## ഹജ്ജ് - കണ്ണൂർ (ഇൻട്രോ)

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് കഴിഞ്ഞ ആറ് ദിവസത്തിനിടെ ഹജ്ജ് കർമത്തിനായി യാത്ര തിരിച്ചത് 1,360 പേർ. തീർത്ഥാടകാരിൽ 1124 സ്ത്രീകളും 236 പുരുഷന്മാരും ഉൾപ്പെടുന്നു. **കൂടുതൽ വിവിരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ....**

(വോയിസ് )

******************************

## ഖേലോ ഇന്ത്യ

ബീഹാറിൽ നടക്കുന്ന ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന് ഇന്ന് സമാപനം. പട്നയിലെ പട്ലിപുത്ര സ്പോർട്സ് കോംപ്ലക്സിൽ വൈകുന്നേരം പ്രൗഢഗംഭീരമായ സമാപന ചടങ്ങ് നടക്കും. ഈ മാസം നാലിനാണ് യൂത്ത് ഗെയിംസിന് തുടക്കമായത്. 56 സ്വർണ്ണവും 45 വെള്ളിയും ഉൾപ്പെടെ 149 മെഡലുകളുമായി മഹാരാഷ്ട്ര ഒന്നാം സ്ഥാനത്തു തുടരുകയാണ്. 35 സ്വർണ്ണം നേടിയ ഹരിയാന രണ്ടാം സ്ഥാനത്തും 22 സ്വർണ്ണവുമായി രാജസ്ഥാൻ മൂന്നാമതുമാണ്. 12 സ്വർണ്ണം ഉൾപ്പടെ 25 മെഡലുകളുമായി കേരളം എട്ടാം സ്ഥാനത്താണ്.

******************************

RNU TVPM

## <u>പിങ്ക് ടി- ട്വൻറി</u>

കേരള ക്രിക്കറ്റ് അസോസിയേഷൻ സംഘടിപ്പിക്കുന്ന പിങ്ക് ട്വൻ്റി-20 ചലഞ്ചേഴ്സ് വനിതാ ക്രിക്കറ്റ് ടൂർണമെൻറിൻറെ ഫൈനലിൽ പേൾസിനെതിരെ എമറാൾഡിന് 82 റൺ വിജയലക്ഷ്യം. തിരുവനന്തപുരം തുമ്പ സെൻ്റ് സേവിയേഴ്സ് ഗ്രൗണ്ടിൽ നടക്കുന്ന കലാശപ്പോരാട്ടത്തിൽ ടോസ് നേടി ആദ്യം ബാറ്റിംഗ് തിരഞ്ഞെടുത്ത പേൾസ് നിശ്ചിത ഓവറിൽ 81 റൺ എടുത്തിരുന്നു.

******************************

## <u>ഓഹരി- സ്വർണം</u>

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 169 പോയിൻ്റ് നഷ്ടത്തിൽ 81,151 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 27 പോയിൻ്റ് ഇടിഞ്ഞ് 24,641 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. ഗ്രാമിന് 195 രൂപ കുറഞ്ഞ് 8,610 രൂപയും, പവന് 68,880 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

******************************

## <u>തേക്കടി-തിരക്ക് (ഇൻട്രോ)</u>

മധ്യവേനൽ അവധികാലം അവസാനിക്കാൻ ദിവസങ്ങൾ ശേഷിക്കെ തേക്കടിയിൽ സഞ്ചാരികളുടെ വൻ തിരക്ക്. വന്യമൃഗങ്ങളെ കാണാനും ബോട്ടിങ് ആസ്വദിക്കാനും ദിവസേന നിരവധി സഞ്ചാരികളാണ് തേക്കടിയിലേക്ക് എത്തുന്നത്. **ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്......**

(വോയിസ്)

******************************

## <u>ഷെഡ് തകർന്ന് മരണം</u>

വയനാട് മേപ്പാടി തൊള്ളായിരം കണ്ടിയിൽ വിനോദസഞ്ചാരികൾ താമസിച്ച ഷെഡ് തകർന്ന് പെൺകുട്ടി മരിച്ചു. മലപ്പുറം അകമ്പാടം സ്വദേശിനി നിഷ്മ ആണ് മരിച്ചത്. 15 വയസായിരുന്നു.

******************************

## <u>മലപ്പുറം -വന്യജീവി ആക്രമണം</u>

മലപ്പുറത്ത് വന്യജീവി ആക്രമണത്തിൽ യുവാവ് കൊല്ലപ്പെട്ടു. ടാപ്പിംഗ് തൊഴിലാളിയായ കാളികാവ് കല്ലാമൂല സ്വദേശി അബ്ദുൽ ഗഫൂർ ആണ് മരിച്ചത്. വനംവകുപ്പും നാട്ടുകാരും ചേർന്ന് നടത്തിയ തെരച്ചിലിലാണ് ഗഫൂറിൻ്റെ മൃതദേഹം കണ്ടെത്തിയത്. പ്രദേശത്ത് പുലിക്കായുള്ള തെരച്ചിൽ തുടരുകയാണ്.

RNU TVPM

******************************

## <u>വയോധികയെ കണ്ടെത്തി</u>

വയനാട് മാനന്തവാടിയിൽ വനത്തിനുള്ളിൽ കാണാതായ വയോധികയെ കണ്ടെത്തി. ഊന്ന് കല്ലിങ്കൽ സ്വദേശി ലീലയെയാണ് മണിയൻ കുന്ന് മലയിൽ വനമേഖലയിൽ നിന്നും ആർ ആർ ടി സംഘം കണ്ടെത്തിയത്. ഈ മാസം 12 നാണ് ഇവരെ കാണാതായത്.

******************************

## <u>വി.ഡി സതീശൻ</u>

യുവ അഭിഭാഷകയെ സീനിയർ അഭിഭാഷകൻ മർദ്ദിച്ച സംഭവത്തിൽ പ്രതിയെ ഉടൻ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. ആക്രമണത്തിന് ഇരയായ അഭിഭാഷകയ്ക്ക് കോൺഗ്രസും യു.ഡി.എഫും പൂർണ പിന്തുണ അറിയിച്ചതായും അദ്ദേഹം പറഞ്ഞു.

******************************

## നിയമസഭാ സമിതി

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി ഈ മാസം 19 ന് ആലപ്പുഴ ജില്ലയിൽ യോഗം ചേരും. ഉൾനാടൻ മത്സ്യബന്ധന മേഖല നേരിടുന്ന വെല്ലുവിളികളും വേമ്പനാട്ടു കായൽ ഉൾപ്പെടെയുള്ള ഉൾനാടൻ ജലാശയങ്ങളിലെ മാലിന്യ പ്രശ്നവും ജില്ലാതല ഉദ്യോഗസ്ഥരുമായി സമിതി ചർച്ച ചെയ്യും. ഈ മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവരിൽ നിന്നും പരാതികൾ സ്വീകരിക്കും.

******************************

## ജമ്മു കാശ്മീർ - ആക്രമണം

ജമ്മു കശ്മീരിലെ പുൽവാമ ജില്ലയിലെ നാദിർ ഗ്രാമത്തിൽ ഇന്ന് സുരക്ഷാ സേനയുമായുണ്ടായ വെടിവയ്പ്പിൽ മൂന്ന് ജെയ്ഷ്-ഇ-മുഹമ്മദ് ഭീകരർ കൊല്ലപ്പെട്ടു. ആസിഫ് അഹമ്മദ് ഷെയ്ഖ്, ആമിർ നസീർ വാനി, യാവർ അഹമ്മദ് ഭട്ട് എന്നിവരാണ് കൊല്ലപ്പെട്ടതെന്ന് സൈനിക വൃത്തങ്ങൾ പറഞ്ഞു.

RNU TVPM

****************************** ****************************** ***************

************ ******************************